


സർവ്വോദയം വി. എച്ച്. എസ്. എസ്

ആര്യംപാടം

# ചാർത്ത്

# ഉണർത്ത്




**Sarvodayam VHSS | Aryampadam**

ചാർത്ത്

# ഉള്ളടക്കം


സന്ദേശം
ചാർത്തിന് പിന്നിൽ
പ്രകൃതി
എന്റെ പ്രണയം
ഇനിയെത്ര നാൾ
അമ്മയുടെ എഴുത്തുകൾ
ചിത്രരചന
ചെമ്പരത്തി
കെണിയിൽപ്പെട്ട പ്രാവുകൾ
മഴ
പൂന്തോട്ടം
ഒരെത്തിനോട്ടം
പ്രകൃതിയാണെന് അമ്മ
ചിത്രരചന
എന്റെ ജീവിതയാത്ര
മധുരിക്കും ഓർമ്മകൾ
കലാലയം
പുതുമഴ
പുഴയുടെ ജീവിതം
കഴിവിന്റെ ലോകം
പുക
പ്രണയം
പുഴ മഴയ്ക്കായ്

# സന്ദേശം

ഇൻഫർമേഷൻ ടെക്നോളജി അതിദ്രുത മേഖലയിൽ
സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ
പുതുതലമുറയും അതിനൊപ്പം മുന്നേറണ്ടതുണ്ട്. ഈ
ലക്ഷ്യത്തോടെ കേരള സർക്കാർ IT @ SCHOOL-ഉം
ആയി ചേർന്ന് നടപ്പാക്കുന്ന LITTLE KITES 2017
മുതൽ **സർവ്വോദയത്തിലും**
പിറവികൊണ്ടിരിക്കുകയാണ്. LITTLE KITES ന്റെ
സാരംഭമായ e-magazine പ്രകാശനം
നിർവഹിക്കുമ്പോൾ പുതുതലമുറയ്ക്ക് മാധ്യമ
പ്രവർത്തനത്തിലേക്കും വഴി തുറക്കുകയാണ്. അനന്ത
സാധ്യതകൾ മുന്നോട്ടു വയ്ക്കുന്ന ഈ പ്രവർത്തനത്തിൽ
പങ്കാളിയായ ഏവർക്കും അഭിനന്ദനങ്ങളും
ആശംസകളുമർപ്പിക്കുന്നു.

ഇ. ഉഷ
പ്രധാനാദ്ധ്യാപിക

ചാർത്ത്

# ചാർത്തിന് പിന്നിൽ

ശരത് കൃഷ്ണ. കെ
ജാക്സി വി. കെ
സഞ്ജയ് കൃഷ്ണ ടി.എസ്
മുഹമ്മദ് ഹാറൂൺ
വൈശാഖ് കൃഷ്ണൻ
വിസ്മയ .കെ
അഞ്ജന കെ.എസ്.
സൂര്യ കെ .എസ്
കാവ്യ കെ. കെ
ധീരജ് പി. ജെ
അക്ഷയ് പി .ബി

പാർവതി
സോബി .കെ.
ഫ്രാൻസിസ്
വർഷ സി . വി
അതുല്യ കെ. ഡി
കൃഷ്ണപ്രിയ പി. ഡി
ശ്രുതി എം. എസ്
മുഹമ്മദ് ഹാരിസ്
വർഗ്ഗീസ് ഇ .ഡബ്ല്യു
ആൽബിൻ സേവ്യർ
സെഫിൻ ഫ്രാൻസിസ്



# പ്രകൃതി

പ്രകൃതിരമണീയമാം എൻ പ്രദേശം
മരങ്ങളാലും പൂക്കളാലും
സമ്പുഷ്ടമാം എൻ പ്രകൃതി
എൻ പ്രകൃതി! സുന്ദര പ്രകൃതി!

കുന്നിൻചരിവുകളിലൂടെ ഒഴുകും
ധാരധാരയായി കാട്ടരുവി.
സകല ജീവജാലങ്ങൾക്കാലയമാം
കാനനത്തിനലങ്കാരമായി ജലധാര.

പുലർകാലത്തിലുണർന്നിടുമ്പോൾ
കാതുകൾക്ക് പിയൂഷമായും
പ്രകൃതിക്കു പുളകമായും
കളകളാരവം പൊഴിക്കും കിളികൾ.

പച്ചത്ത്

മന്ദമാരുതൻ തൻ തലോടലാൽ
ഉത്ഭവിക്കുന്ന ദലമർമ്മരം
ഏവരുടെയും ദൈവമാം പ്രകൃതിയെ
സംരക്ഷിച്ചുകൊള്ളണമെന്നും നാം.

പൂവിന് സുഗന്ധം ചൊരിഞ്ഞിടും
ഭൂമിക്കു തണലാകും വൃക്ഷങ്ങൾ
വന്യമൃഗങ്ങൾക്കാലയമാം
പ്രകൃതി, ഭൂമിയുടെ പച്ചപ്പരവതാനി.

ശരത് കൃഷ്ണ.കെ 9 A

ഉൾത്ത്

# എന്റെ പ്രണയം

നിശ്ചലമാം ദീപ്തിയിൽ കണ്ടുമുട്ടിയ നാം.
പരസ്പരം പങ്കുവെച്ച നിമിഷങ്ങൾ കലഹിച്ചതും
പ്രണയിച്ചതുമായ നിമിഷങ്ങൾ.
പ്രണയമെന്നത് മൂന്നു വാക്കിലൊതുങ്ങുന്നതല്ല.
ഇരുമനസ്സും അറിയുന്ന ഒരു നൊമ്പരമാണു പ്രണയം.
ആ മിഴി നിറയുന്നതും എൻ മനമറിയും.
കണ്ണുകളിൽ കാണുമാ മുഖം മായാതെ
കിടക്കുമെൻ മരണം വരെയും.
തിരസ്കരിക്കില്ലയീ പ്രണയം
അവനെൻ ചാരെ നിൽക്കുവോളം.
ഈ ലോകത്തിൽ എല്ലാറ്റിനും മാറ്റമുണ്ട്
മാറ്റമില്ലാത്തനെന്തെന്നു ചോദിച്ചാൽ.......?
നിന്റെ മിഴികളിൽ തെളിയുന്ന പ്രണയം.



ആൽബിൻ സേവ്യർ

# ഇനിയെത്ര നാൾ.....

ഭൂമി മരുഭൂമിയായി മാറിയിരിക്കുന്നു......മനോഹരമായ ചെടികളും, മരങ്ങളും, കിളികളും, പുഴകളുമെല്ലാം ഓർമ്മയിലൊതുങ്ങുന്ന ഒരു ചിത്രമായിമാറിയിരിക്കുന്നു

ഭൂമിക്കിതെന്താണുണ്ടായത് .അവൾ

ആശ്ചര്യഭരിതയായി! ഒരു മഴക്കായ് അവളാശിച്ച

ു.മഴയില്ല, പച്ചക്കറികളില്ല ,കുടിവെള്ളവുമില്ല. ജീവൻ നിലനിർത്താൻ ആകെയുള്ള ആശ്രയം ഹിമാലയസാനുക്കളിൽ നിന്ന് കൊണ്ടു വരുന്ന ഒരുതരം പച്ചിലകൊണ്ടുണ്ടാക്കിയ

ഗുളിക.വിശപ്പിനോട് പൊരുതാൻ മനുഷ്യൻ കണ്ടുപിടിച്ച ആധുനിക ഗവേഷണ

ം.വെള്ളമാണെങ്കിലോ വല്ലപ്പോഴും വരുന്ന

റേഷനും.പണ്ട് എല്ലാം സമൃദ്ധമായിരുന്ന ജീവിക്കാൻ പെരുതുകയാണ് ഇന്ന് ദാരിദ്ര്യം മൂലം മരണം

കുമിഞ്ഞുകൂടുകയാണ്. അവൾക്ക് കരച്ചിൽ

അടക്കാനായില്ല.തന്റെ മകളുടെ നിഷ്കളങ്കമായ മുഖം .

മകളെ എങ്ങനെ വളർത്തും?

# ഉണർത്ത്

വിശപ്പുമൂലം തളർന്നുറങ്ങിയ മകൾ അവളുടെ ജീവിതത്തിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുകയാണ്. അവൾ പുറത്തേക്ക് നോക്കി. ആ വഴിയാകെ നിശ്ചലമാണ്. അവൾ തന്റെ ഭർത്താവിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പെട്ടെന്ന് അയാൾ ഗേറ്റ് തുറന്നു അകത്ത് പ്രവേശിച്ചു. അവൾ മകളെ തട്ടിയുണർത്തി. അയാളുടെ കൈവശം ഒരു ഗുളിക മാത്രമേ ഉണ്ടായിരുന്നുള്ളൂ. അയാൾ ദുഃഖത്തോടെ ഭാര്യയെ നോക്കി പറഞ്ഞു. നമ്മുടെ റേഷൻകാർഡിന് ഒരു ഗുളിക മാത്രമേ ഉള്ളൂ. എല്ലാത്തിനും വില കൂടിയിരിക്കുന്നു. തീവണ്ടിയിൽ വെള്ളം അടുത്ത ആഴ്ചയെ ഉണ്ടാവൂ. അതുവരെ നമ്മളെന്തുചെയ്യും? അവൾ നിസ്സഹായായി ചോദിച്ചു. അയാൾക്കതിനുത്തരം ഉണ്ടായിരുന്നില്ല. അവൾ ആ ഗുളിക ഭാഗിച്ചു. അവർ മൂവരും ആ ഗുളിക കഴിച്ച് വിശപ്പ് ശമിപ്പിച്ചു.ആ കുരുന്നു മകൾ ശാന്തമായി ഉറങ്ങി...

ശ്രുതി ശ്രീജിത്ത് 9A


# അമ്മയുടെ എഴുത്തുകൾ

ആരു വായിക്കുമീ മായുമെഴുത്തുകൾ
ആരുടെ നാവിലോർക്കുമിച്ചൊല്ലുകൾ.

നാളെയിക്കുട്ടികൾ ചോദിക്കുമോ,
നമ്മളാരുടെ കുട്ടകൾ?ആരുടെ നോവുകൾ?



സമ്പാദകൻ
മുഹമ്മദ് ഹാരിസ്



ധീരജ്. പി. ജെ. 9C

ഉദാത്ത്

# ചെമ്പരത്തി

ഋതുഭേദങ്ങളോട് പടപൊരുതി
ചോരചിതറി പൂത്തിട്ടും
മണമില്ലെന്നു ചൊല്ലി
ഭ്രാന്തിയെന്ന് മുദ്രകുത്തി
തൊടിയിലെ മൂലയിൽ
തളച്ചപ്പോഴാണ്
തലക്കുനിച്ചു പോയതെന്നു
ചെമ്പരത്തി.......



സമ്പാദക
കൃഷ്ണപ്രിയ പി ഡി 9C

Sarvodayam VHSS I Aryampadam



# കെണിയിൽപ്പെട്ട പ്രാവുകൾ

ഒരിക്കൽ ഒരു കൂട്ടം പ്രാവുകൾ തീറ്റയന്വേഷിച്ച് പറക്കുക ആയിരുന്നു. അപ്പോൾ അവ ധാരാളം ധാന്യമണികൾ കിടക്കുന്നത് കണ്ടു.  ധാന്യമണികൾ തിന്നാൻ അങ്ങോട്ട് പോയ അവർ വേടൻ വെച്ചിരുന്നവലയിൽ കുടുങ്ങി. രക്ഷപ്പെടാൻ ഇനി എന്താണു മാർഗ്ഗം? അവർ തമ്മിൽ ചോദിച്ചു. ഞാൻ പറയുന്നതുപ്പോലെ ചെയ്താൽ മതി .വയസ്സായ പ്രാവ് പറഞ്ഞു. ഞങ്ങൾ എന്താണ് ചെയ്യേണ്ടത് ? മറ്റു പ്രവുകൾ പറഞ്ഞു, വേടന് നമ്മളെ ഒരോരുത്തരായി പുറത്തിറക്കും. അപ്പോൾ എല്ലവരും ചത്തതു പോലെ കിടക്കണം. അവസാനത്തെ പ്രാവിനെ വിട്ടതിനു ശേഷം വേടന് വല മടക്കുമ്പോൾ ഞാൻ പറക്കും നിങ്ങളും പറക്കണം. വയസ്സൻ പ്രാവ് വിശദീകരിച്ചു. പ്രാവുകൾ എല്ലാം മുത്തച്ഛൻ പ്രാവ് പറഞ്ഞതു പോലെ  പ്രവർത്തിച്ചു .

പ്രാർത്ഥ്

വേടന് അവസാനത്തെ പ്രാവിനെ പുറത്തെടുക്കുകയും ചെയ്തു .വയസൻ പ്രാവ് ചിറകടിച്ചു പറന്നു .മറ്റുപ്രാവുകൾ ഒപ്പം "പട,പട,പട,പട"എന്ന ശബ്ദം ഉണ്ടാക്കി ആകാശത്തേക്ക് പറന്നു. വേടന് അതുകണ്ട് മാനത്തേക്ക് നോക്കി വായും പിളർന്ന് നിന്നു പോയി.

മുഹമ്മദ് ഹാറൂൺ 9B

കവിത

# മഴ

ചില നേരമെന്നിലെ തണുവാർന്ന
ഓർമ്മയേ തഴുകി തലോടുമീ..
.. രാത്രി മഴ ...

ചില നേരമെന്നിലെ കണ്ണീരു-
മായ്ക്കുവാൻ ഞാൻ സ്വയം
അലിഞ്ഞിടും ഇളം മഴ

മനസ്സിലെ മധുരമാം ചില നല്ല
ഓർമ്മയേ പുതുക്കി
പണിതിടും പുതുമഴ

മനസ്സിലെ നല്ലോർമ്മകൾ നെയ്തിടുവാൻ
ഞാൻ മോഹിച്ചു നിന്നിടും ഈ മഴ
എന്റെ സ്വപ്നങ്ങളെ എന്നിലൂട്ടിയുറപ്പിക്കും
ഒരു നല്ല സുഹൃത്താണ് ഈ മഴ....

സഞ്ജയ് 9A

Sarvodayam VHSS | Aryampadam



# പൂന്തോട്ടം

പൂവേ,പൂവേ, നീയെവിടെ!
പൂന്തോട്ടത്തിൽ കാണുന്നില്ലെന്ന് അരികിലെത്താൻ
ഞാൻ എത്ര കൊതിക്കുന്നു.

മഞ്ഞ നിറമുള്ള പൂവേ നീ
ചന്തമുള്ള പൂവായ
നിന്നെ കാണാൻ ഞാൻ വരുന്നു.

നീയെന്നെ കാത്തിരിന്നുവോ
ഞാൻ നിൻഅരികിലെത്താന്
പൂവേ, പൂവേ, നീയെവിടെ
പച്ച ഇലകളും കാണുന്നുണ്ടേ
നിൻ സൗരഭ്യം ഞാൻ അറിയുന്നുണ്ടേ
ഈ സ്വർഗ്ഗം എനിക്കും സ്വന്തമല്ലേ.

**ജാക്സി 9 C**

# ഒരെത്തിനോട്ടം








ഉറവ്

# പ്രകൃതിയാണെൻ അമ്മ

പ്രകൃതിയാണെൻ അമ്മ
പ്രകൃതിയെ നോവിക്കരുത് എത്ര
ശാന്തയായിരുന്നമ്മ
മൗനമായ് ഇരിക്കുന്നു.
മക്കൾ മുറിക്കുന്നു ,കീറുന്നു
അമ്മ മൗനമായ് ഇരിക്കുന്നു.
ഒരു നിമിഷം താണ്ഡവമാടുന്നു
എല്ലാം ഒടുങ്ങുന്നു.

വർഷ സി.വി 9A

ഉണർത്ത്



അക്ഷയ് പി. ബി

Sarvodayam VHSS | Aryampadam

# എന്റെ ജീവിതയാത്ര

എന്റെ ചിന്തകൾ
കുഞ്ഞിച്ചിറകുകൾ വീശി
എന്തുയരം വരെ പറക്കുന്നുവോ

അവിടം വരെയാണെന്റെ ആകാശം.

എന്റെ സ്വപ്നങ്ങൾ
തെളിഞ്ഞ വഴിയെ
എത്രദൂരം വരെ പാതകൾ
നടന്നെത്തുന്നുവോ

അതുവരെയാണെന്റെ സാമ്രാജ്യം..

കാലപ്രവാഹത്തിൽ
പച്ചിലച്ചാർത്തിൽ നിന്ന്
ഇറ്റിറ്റ് വീഴുന്ന മഞ്ഞുത്തുള്ളിയായ്
സ്നേഹമെന്നിൽ എത്ര ആഴത്തിൽ
നിറഞ്ഞൊഴുകി പരക്കുന്നുവോ

അതാണെന്റെ കടൽ..

കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ പ്രതീക്ഷയാം
നിലാവെളിച്ചത്തിൽ മോഹപൂക്കൾ
കാട്ടിയവഴിയെ കാലമാം

കടലിൽ ഞാനെന്റെ ജീവിതം തുഴയുന്നു....



**വിസ്മയ കെ 9 C**



# മധുരിക്കും ഓർമ്മകൾ







# കലാലയം

തിരികെ വരില്ലെന്നറിഞ്ഞുമീ  നിമിഷങ്ങളെ
ഉള്ളിൽ സ്മരിക്കുമീ  നമ്മൾ

ഉല്ലസിച്ചും  ഇണങ്ങിയും  പിണങ്ങിയും നടന്നീ
കലാലയത്തെ  സ്മരിക്കയീ  നാം.
പുസ്തകക്കെട്ടുമായ് മുന്നിൽ  നിറക്കുമീ-
പുത്തൻ പ്രഭാതനാളങ്ങളെ  ഞാനി-
ന്നുമെന്നുമോർക്കുന്നു.
ആഴിത്തിരകൾ   ആർത്തിരമ്പും പോൽ
എന്നിലും  ആർത്തിരമ്പുമെൻ കലാ-
ലയ  സ്പന്ദനം.
ഉള്ളിന്റെയുള്ളിലോരോർമയായ് മാഞ്ഞു-
പോകാതെ  കിടക്കുമെൻ ഹൃദയ  താള-
മാം  ഈ  നിമിഷം.....



വർഗ്ഗീസ് ഇ. ഡബ്ല്യൂ  9A

# പുതുമഴ



പുതുമണ്ണിൽ  സ്വപ്നം  വിടർത്തി
പുതുമണ്ണിൻ സുഗന്ധം പടർത്തി
ഇതാ വരുന്നുവെൻ പ്രിയസഖീ നീ
മാമലമേട്ടുകൾ നിനക്കായ്
സ്വാഗതമേകുന്നു.
കാറ്റും കാർമേഘവും സ്വീകരിക്കാൻ
നിൻ ചാരെ വരുന്നു
കണ്ണീരിൻ  കണിക മായ്ക്കും നറുമുത്തായി
യാത്ര ചൊല്ലാതെ നീ പോകരുതേ സഖീ
നിൻ ആഗമനം കാത്തു നില്പൂ ഞാൻ

**വൈശാഖ്  കൃഷ്ണൻ  9A**

# പുഴയുടെ ജീവിതം

നമ്മുടെ വേരിനാൽ ആഗമനം
 ചെയ്തവനിന്നിതാ
താൻതൻ കാലനായി  മാറി.
നമ്മുടെ മല്ലിയിൽ പടർന്നിരിക്കുന്നവൻ
 അവൻ തൻ വേരു പിഴുതെറിഞ്ഞു
അവനറിയില്ല നാം അവൻ ആരെന്ന്.

എൻ സഖി നിന്റെയീക്രോധമാണിന്നിതാ
കണ്ണീരുറവയായി നീ പെയ്തിറക്കുന്നതെന്തിന്
അവൻ തൻ വീഥി നയമാർഗ്ഗമല്ലെന്ന
ഇന്നീ വേളയിൽ അവനറിഞ്ഞു
ഇനി വേണ്ട നിന്നുടെ കണ്ണീരുറവ
അതാ ഒന്നുമറിയാത്ത പാവം കിടാങ്ങൾ
ഒരിറ്റു ജീവനായി തമ്മിലടിക്കുന്നു
ഞാൻപെറ്റവനല്ല  ഞാൻ പെറ്റവളല്ല എങ്കിലും
ഈ വിശ്വം
വേണ്ട ഇനി വേണ്ട അവർ തൻ വേഷം
നാമിന്നു തിരുത്താൻ പഠിപ്പിക്കണം
അതാകണം ധർമ്മം

# ഉറവ്

ഇനിയും കഴിയുന്നു ഇനിയും
ഞാൻ ആഴത്തിൽ അറിയുന്നു നിന്നെ
നിന്റെ ഒരു മുഖഭേദമിന്നു
ഞാൻ അറിയുന്നു നീ പുഴയല്ല
കണ്ണീരുറവയല്ല ഈ ലോക
മാകുന്നൊരാ നിത്യ സത്യദമായ അമ്മ.

**അഞ്ജന. കെ. എസ് 9B**



ഉൾത്ത്

# കഴിവിന്റെ ലോകം

സ്വന്തം കഴിവ് പെട്ടെന്ന് തിരിച്ചറിയുകയും അതിനെ വളർത്തുകയും ചെയ്ത കുട്ടി. കുട്ടിയുടെ കളികണ്ട് ബാർസലോണ ടീമിന്റെ കോച്ച് കുട്ടിയെ കൊണ്ട് കരാർ ഒപ്പിടിയിപ്പിക്കുകയും ചെയ്തു. തന്റെ വൈകല്യം തിരിച്ചറിയുകയും മാതാപിതാക്കൾ അവന്റെ വളർച്ചയ്ക്കായി കാശ് മുടക്കുകയും തന്റെ പിതാവിന്റെ വരുമാനം ചികിത്സക്ക് തികയാത്തതു കൊണ്ട് കുട്ടിയുടെ ചികിത്സ സഹായം ക്ലബ്ബുകാർ ഏറ്റെടുത്തു. കുട്ടി സ്പാനിഷിലേക്ക് മാറണമെന്ന പറഞ്ഞു. കുട്ടി സ്വന്തം രാജ്യത്തിനുവേണ്ടി മാത്രമേ കളിക്കുകയുള്ളുവെന്നും പറഞ്ഞു.അതു കാരണം കുട്ടിക്ക് സ്പാനിഷിലും അർജന്റീനയിലും അംഗത്വം എടുക്കുകയും ചെയ്തു. തന്റെ കളിയിൽ ഗോൾ അടിക്കുന്നുണ്ടെങ്കിൽ ആദ്യം ദൈവത്തിന് നന്ദി പറയുകയാണ് ചെയ്യുക എന്നംആ കുട്ടി പറഞ്ഞു-ആരാണ് ഈ കുട്ടി- നിങ്ങൾക്കറിയാമോ?




സോബി കെ എഫ് 9C

# പ്രണയം

നീല നിലാവുള്ള ഒരു രാത്രിയിൽ
മഞ്ഞിൻ പാളി മെല്ലെ നീക്കി
നീ വിരിഞ്ഞു.....
നിൻ സിരകളെല്ലാം തണുത്തിരുന്നു
നിൻ കവിളിലെല്ലാം മഞ്ഞിൻ തുള്ളികൾ
പൊഴിഞ്ഞിരുന്നു.
നീ  ഒരു മൊട്ടായിരിക്കുമ്പോൾ തന്നെ
അവൾ നിന്നെ വല്ലാതെ മോഹിച്ചിരുന്നു.
അവനിലെ പ്രണയം നിന്നോടായിരുന്നു
അവനിലെ മോഹം നിന്നോടു
മാത്രമായിരുന്നു.

സെഫിൻ 9B

കവിത

# പുഴമഴയ്ക്കായി

പറയുന്നു ഇന്നു ഞാൻ നിന്റെയീ മുമ്പിലായി
സപദി നിൻ മുഖമൊന്നു മാഞ്ഞിടല്ലേ
പുഴയാണ് ഞാനെന്നതിലിഷ്ടമുണ്ടെങ്കിൽ

ആസ്ഥ എന്നിൽ നിന്നുമകത്തിരിപ്പൂ

അറിയാൻ കഴിയുന്ന നിന്റെയീ ക്രോധം
പറയേണ്ടതില്ലെന്നു എൻ സഖീ
നിന്റെ മിഴിയിൽ ഒഴുകുന്നത്

ജലമല്ല ഉറവയും ഒന്നുമല്ല.

നിന്റെ കണ്ണീർപുഴയാണ്
എന്നിലെ ക്രോധം എരിക്കുവാൻ
ഇന്നിനി കഴിയില്ല ഞാൻ
നിന്നിലായതും നീ എന്നിലായതും
ഈ വിശ്വം സാക്ഷിയായി

പാർവ്വതി 10 B

ഉണർത്ത്

# മഴ

മഴ വന്നാൽ നല്ലത് മഴവില്ലും നല്ലത്
മഴവില്ലിൽ ഏഴു വർണങ്ങൾ
മഴ പെയ്യും പാടത്ത്
കതിരുവിളയും പാടത്ത്
എന്തുഭംഗി പാടം കാണാൻ
തക തക തക ത
കുന്നോളം കതിരുകൾ
അതിലെല്ലാം മഴത്തുള്ളികൾ
തക തക തക ത

അതുല്ല്യ കെ ഡി 9c



# പുക



ആരുമീകാണാതെ  ആരുമീ കേൾക്കാതെ
ഒരു ജ്വാലയായി  നീ പോകയായി
വായുവിൽ പാറുമീ പുകയായിന്നീയിനി
ഭൂമിയിൽ കൊട്ടും വിഷം വിതയ്ക്കുക
കത്തിയെരിയുന്ന ചപ്പുകൾ മുഴുവൻ
ഇനി നീയായി ഇന്നിനി മാറിയല്ലേ
ഒരു ജ്വാലയായി  നീ പോകയായി.

സൂര്യ. കെ. എസ്: 9 B

# നന്ദി



little KITEs

समस्तोदयम् सम्पूर्णोदयम्

SARVODAYAM